# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1245 04.02.2019 -ൽ മറുപടിയ്ക്ക്**

## സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| എ) | വിദ്യാഭ്യാസ വകുപ്പ് സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി | ഇത് വിജയപ്രദമാണെന്ന് കരുതുന്നുണ്ടോ; | ബി) | ഉണ്ട്. ഹൈടെക് ക്ലാസ് മുറികളിലെ ഒന്നാംഘട്ട അവസ്ഥാപഠനത്തിൽ താഴെപ്പറയുന്ന വിശദാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സ്കൂളുകളിൽ നിലവിൽ 73333 അദ്ധ്യാപകർ (92%) ക്ലാസ് മുറികളിൽ പ്രൊജക്ടറുകളും ലാപ് ടോപ്പും ഉപയോഗിച്ച് പഠിപ്പിക്കുന്നു. 13489 അദ്ധ്യാപകർ 'സമഗ്ര' പോർട്ടലിലെ വിഭവങ്ങൾക്കുപുറമെ സ്വന്തമായി ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നു. 69611 അദ്ധ്യാപകർ സമഗ്ര പരിശീലനം നേടി പോർട്ടലിൽ അംഗത്വം എടുത്തിട്ടുണ്ട്.<br><br>1.79 ലക്ഷം കുട്ടികളിൽ നിന്നാണ് നേരിട്ട് ഹൈടെക് ക്ലാസുകളുടെ ഫലപ്രാപ്തിയെക്കുറിച്ച് വിവരശേഖരണം നടത്തിയത്. ഇതിൽ 92% കുട്ടികളും (1.61 ലക്ഷം) ക്ലാസ് മുറിയിൽ പ്രൊജക്ടർ, ലാപ് ടോപ്പ് എന്നിവ നന്നായി പ്രവർത്തിക്കുന്നു എന്ന് രേഖപ്പെടുത്തി. ക്ലാസ് മുറികളിൽ പ്രൊജക്ടറുകൾ ഉപയോഗിച്ച് ഡിജിറ്റൽ ഉള്ളടക്കം പ്രദർശിപ്പിക്കുമ്പോൾ എല്ലാവർക്കും നന്നായി കാണാൻ കഴിയുന്നുവെന്ന് 1.68 ലക്ഷം കുട്ടികളും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിജയപ്രദമാണെന്ന് കരുതുന്നു. |
| സി) | സംസ്ഥാനത്ത് എത്ര ശതമാനം സ്കൂളുകളാണ് ഹൈടെക് ആക്കിയിട്ടുള്ളത്; | സി) | സംസ്ഥാനത്തെ എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകൾ ഉള്ള 4752 സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ 4698 വിദ്യാലയങ്ങൾ (98.87%) ഹൈടെക് ആക്കി. |

| | | | |
|---|---|---|---|
| ഡി) | ഇതിനായി ഉപയോഗിക്കുന്ന സമഗ്ര പോർട്ടൽ പ്രയോജനപ്രദമാണോ; വിശദമാക്കുമോ? | ഡി) | സമഗ്ര പോർട്ടൽ പ്രയോജനപ്രദമാണ്.2018 ഒക്ടോബർ, നവംബറിൽ നടത്തിയ ഹൈടെക് ക്ലാസ് മുറികളിലെ ഒന്നാംഘട്ട അവസ്ഥാ പഠനത്തിൽ താഴെപ്പറയുന്ന വിശദാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br><br>'സമഗ്ര' പോർട്ടൽ പഠന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുന്നു എന്നും ഡിജിറ്റൽ റിസോഴ്സുകളുടെ അവതരണം, ചർച്ച, ക്രോഡീകരണം എന്നിവ ഫലപ്രദമായി നടത്താൻ നിലവിലെ ക്ലാസ് അന്തരീക്ഷം പര്യാപ്തമാണെന്നും 96% അദ്ധ്യാപകർ അഭിപ്രായപ്പെട്ടു. പ്രൊജക്ടർ, ലാപ് ടോപ്പ് എന്നിവ ക്ലാസ്സിൽ വിന്യസിച്ചിരിക്കുന്നത് സൗകര്യപ്രദമാണ് എന്നാണ് 94% അദ്ധ്യാപകരും (54652) അഭിപ്രായപ്പെട്ടത്. 16928 അദ്ധ്യാപകരാണ് 'സമഗ്ര' മൊബൈൽ ആപ് ഉപയോഗിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ